# നെഹ്റു ട്രോഫി:

# വിദ്യാർഥികൾക്കുള്ള നിറച്ചാർത്ത് മത്സരങ്ങൾ ഓഗസ്റ്റ് നാലിന്

നെഹ്റു ട്രോഫി ജലോത്സവത്തിന്റെ പബ്ലിസിറ്റി കമ്മിറ്റി നേഴ്സറി-സ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന മത്സരങ്ങൾ 'നിറച്ചാർത്ത്' രാവിലെ ഓഗസ്റ്റ് നാലിന് രാവിലെ 9.30ന് ആലപ്പുഴ റ്റി.വി.

തോമസ് സ്മാരക ടൗൺഹാളിൽ നടക്കും. നേഴ്സറി-എൽ.പി. സ്കൂൾ വിദ്യാർഥികൾക്കായി കളറിങ് മത്സരം, യു.പി.-ഹൈസ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചന(പെയിന്റിങ്) മത്സരങ്ങളാണ് നടത്തുക.

കളർ പെൻസിൽ/ക്രയോൺ/ഓയിൽ പേസ്റ്റൽസ്/ജലച്ചായം/പോസ്റ്റർ കളർ തുടങ്ങി ഇഷ്ടമുള്ള മാധ്യമം ഉപയോഗിക്കാം. എല്ലാ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്കു സർട്ടിഫിക്കറ്റും ട്രോഫിയും സമ്മാനം നൽകും.

കളറിങ് മത്സരത്തിന് ജില്ലയിലെ നേഴ്സറി- എൽ.പി. സ്കൂൾ വിദ്യാർഥികൾക്കു പങ്കെടുക്കാം. നിറം നൽകാനുള്ള രേഖാചിത്രം സംഘാടകർ നൽകും. മറ്റുപകരണങ്ങൾ മത്സരാർഥികൾ കൊണ്ടുവരണം. ഒരു മണിക്കൂറാണ് മത്സരസമയം.

ചിത്രരചന (പെയിന്റിങ്) മത്സരത്തിന് ജില്ലയിലെ യു.പി.- ഹൈസ്കൂൾ വിദ്യാർഥികൾക്കു പങ്കെടുക്കാം. വരയ്ക്കാനുള്ള പേപ്പർ സംഘാടകർ നൽകും. മറ്റുപകരണങ്ങൾ മത്സരാർഥികൾ കൊണ്ടുവരണം. രണ്ടു മണിക്കൂറാണ് മത്സരസമയം.

ഏറ്റവും കൂടുതൽ വിദ്യാർഥികളെ പങ്കെടുപ്പിക്കുന്ന മൂന്നു വിദ്യാലയങ്ങൾക്കു ട്രോഫി സമ്മാനിക്കും. സമ്മാനം സ്വീകരിക്കാനെത്തുമ്പോൾ വിദ്യാർഥിയാണെന്നുള്ള സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രം/ഐഡന്റിറ്റി കാർഡ് ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0477 2251349.

(പി.എൻ.എ. 1391/16)